

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.കെ.ഡി.പി.8-1671/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/10/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 23/10/2024
കെ.എസ്.എ.കെ.കെ.ഡി.പി.8-1671/2024

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ))ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജയരാജൻ.കെ	ജോയിന്റ് ഡയറക്ടർ	19-08-2024	24-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-08-2024	24-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ.സതീഷ് കുമാർ.സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.രൂവിത.ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എൻ വി ബാബു	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. കാദർ പി	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. ഗോപാലകൃഷ്ണൻ	മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി	01-04-2023	31-03-2024
ശ്രീമതി. സുഷമ പി വി	പട്ടികജാതിവികസന ഓഫീസർ ഗ്രേഡ് II	01-04-2023	31-03-2024
ശ്രീമതി. ദീപ. കെ	സി.ഡി.പി.ഒ	01-04-2023	31-03-2024
ശ്രീ. സൂരജ് പി ജി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ. അനിൽ കുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ. അമർനാഥ്	വ്യവസായ വികസന ഓഫീസർ	01-04-2023	31-05-2023
ശ്രീ. സുധീഷ് കുമാർ	വ്യവസായ വികസന ഓഫീസർ	01-06-2023	31-08-2023
ശ്രീ. വിശ്വൻ കോറോത്ത്	വ്യവസായ വികസന ഓഫീസർ	01-09-2023	31-03-2024
ഡോ. ഇ സി ലീന	സീനിയർ വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. ഷമീർ എ	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. മെർലിൻ അലക്സ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	06-09-2023
ശ്രീമതി. ആതിര ഒ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	07-09-2023	13-12-2023
ഡോ. ശിവപ്രസാദ് പി എസ്	ഫിഷറീസ് അസി. ഡയറക്ടർ	14-12-2023	31-03-2024
ശ്രീമതി. ബിന്ദു ആർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	31-03-2024
ശ്രീമതി. രജുല	ക്ഷീരവികസന ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല.	1-1-3
5	ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല	1-1-4
6	ലോൺ ബാധ്യതാ തുക പൊരുത്തപ്പെടുന്നില്ല.	1-1-5
7	രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.	1-1-6
8	ലെഡ്ജർ ശീർഷകങ്ങൾ പ്രതിമാസം പൊരുത്തപ്പെടുന്നില്ല.	1-1-7
9	ജേണലുകൾക്ക് സപ്പോർട്ടിംഗ് ഡോക്യുമെന്റ് ഇല്ല.	1-1-8
10	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.	1-1-9
11	ആസ്തികൾ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.	1-1-10
12	എല്ലാ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.	1-1-11
13	ഡിപ്രീസിയേഷൻ വർക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.	1-1-12
14	ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകത	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)	1-3
17	ഫണ്ട് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	ക്യാഷ് ബാലൻസ് പരിശോധന	1-6
20	വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി.	1-7
21	ഒബ്സർവ്ഡ് ഡാറ്റയ്ക്ക് അധിക നിരക്ക് നൽകി -ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം	1-8
22	ചേർമല കോളനി വർക്ക്ഷെഡ് വൈദ്യുതീകരണം- പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല.	1-9
23	'വിമുക്തി' - പ്രോജക്ട് നിർവഹണത്തിൽ ന്യൂനത.	1-10
24	മേഖലാ ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആസൂത്രണം	1-11
25	പൊതു സ്ഥലങ്ങളിൽ വൃക്ഷത്തൈ വച്ച് പിടിപ്പിക്കൽ- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.	1-12
26	വനിതാ പുഷ്പ കൃഷി- ബില്ല് ലഭ്യമാക്കിയില്ല.	1-13
27	എച്ച്.എം.സി കണക്കുകൾ സമർപ്പിച്ചില്ല.	1-14
28	ജീവനക്കാരെ നിയമിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല.	1-15
29	മരുന്ന് വാങ്ങൽ- നടപടി ക്രമങ്ങൾ പാലിച്ചില്ല.	1-16
30	ആദായ നികുതി ഈടാക്കിയില്ല.	1-17
31	കിഴിവുകൾ വരുത്താതെ ബിൽ തുക അനുവദിച്ചു.	1-18
32	പഠനമുറി പൂർത്തിയായില്ല	1-19

33	വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം - നിർവ്വഹണത്തിൽ ന്യൂനതകൾ, പ്രവർത്തനം ആരംഭിച്ചിട്ടില്ല. .	1-20
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഒബ്സർവ്ഡ് ഡാറ്റയ്ക്ക് അധിക നിരക്ക് നൽകി -ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.06.2024 തീയതിയിലെ 02/01 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തികനിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,

പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

കോഴിക്കോട്

1-1-1 വാർഷിക കണക്കിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാനവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകളും മറ്റ് അപാകതകളും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ 1,248,287/- രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 3,056,211/- രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല.

വാർഷിക കണക്ക് B14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസിന്റെ നീക്കിയിരിപ്പ് 0 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കുകൾ നീക്കിയിരിപ്പുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-4 ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ ബാധ്യതാ തുകകളുടെ ഉദ്ദേശ്യം, വിനിയോഗ നിബന്ധനകൾ,നാളിതുവരെയുള്ള വിനിയോഗ വിവരം , നീക്കിയിരിപ്പിന്റെ കൃത്യത ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള ബാധ്യതാ തുകയും ബി17 പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 30/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-5 ലോൺ ബാധ്യതാ തുക പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം 57,51,555/- രൂപയാണ് ലോൺ ഇനത്തിലെ സ്ഥാപനത്തിന്റെ ബാധ്യത. എന്നാൽ ബാങ്കിൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസ് പ്രകാരം 60,85,326/- രൂപയാണ് യഥാർത്ഥത്തിലുള്ള ബാധ്യതാ നീക്കിയിരിപ്പ്.

1-1-6 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിൽ തയ്യാറാക്കി പരിപാലിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B7, B18 ഷെഡ്യൂളുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-7 ലെഡ്ജർ ശീർഷകങ്ങൾ പ്രതിമാസം പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ട് ശീർഷകങ്ങൾ പ്രതിമാസം റീകൺസിലിയേഷൻ നടത്തി നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുന്നില്ല. വരവ് ചെലവിനങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി പ്രതിമാസ കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുന്നില്ല.

1-1-8 ജേണലുകൾക്ക് സപ്പോർട്ടിംഗ് ഡോക്യുമെന്റ് ഇല്ല.

ജേണലുൾക്ക് വിവരണം നൽകുകയോ സപ്പോർട്ടിംഗ് ഡോക്യുമെന്റുകൾ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

1-1-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

1-1-10 ആസ്തികൾ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു.

സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലില്ലാത്തതുമായ ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ- റോഡുകൾ, ചെറുകിട വൈദ്യുത പദ്ധതി എന്നിവ.

1-1-11 എല്ലാ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഉദാ- ഭൂമി

1-1-12 ഡിപ്രീസിയേഷൻ വർക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-13 ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകത

ഇല്ലാത്ത ആസ്തിയുടെ ശീർഷകത്തിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തി .ഉദാ- Sewerage & Drainage

1-2 ബജറ്റ്

ഭരണസമിതിയുടെ **22/03/2023** ലെ 110(1)ാം നമ്പർ തീരുമാന പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 31.01.2024 തിയ്യതിയിലെ 15-ാം തീരുമാന പ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	9218351
വരവ്	62960035
ആകെ	72178386
ചെലവ്	61711748
നീക്കിയിരിപ്പ്	10466638

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	റിമാർക്സ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	28037140	28037140	19199749	8837391	
കസ്റ്റ ഫണ്ട്-എസ്.സി.പിവി (ACR പ്രകാരം)	0	16604860	16604860	10202405	6402455	
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	0	0	0	0	
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		9781400	9781400	8032967	1748433	
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(PFMS മുഖേന)	-1015005	4889331	5904336	4394163	1510173	
സെൻട്രൽ ഫിനാൻ സ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന)	5422320	3511000	8933320	4133858	4799462	
വികസന ഫണ്ട്-ടി.സി.പി (ACR പ്രകാരം)	0	414000	414000	276000	138000	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

143	191627529	84	52356676	18	59	58.74

1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-7 വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അധികം തുക നൽകി.

Estimate No-14100/2022

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഇല്ലിക്കൽ കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം **DWSS (പ്രൊ.നം 129/2024 (SO))** പ്രവൃത്തിയുടെ ഭാഗമായി **25 Mm, 32 Mm, 40 Mm, 75 Mm PVC** വിതരണ ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് **&** റി ഫില്ലിംഗിനും, പൈപ്പ് സ്ഥാപിക്കുന്നതിനും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

. **DAR** ലെ **50.18.9.8.1** എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റയിലെ **75 Mm 6KGF/CM2** പി.വി.സി പൈപ്പ് മാറ്റി **75 Mm 10 KGF/CM2** പി.വി.സി പൈപ്പാക്കി മാറ്റുന്നതിനായി **OD50088/2022-23** എന്ന ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. **75 Mm 10 KGF/CM2** പി.വി.സി പൈപ്പിന്റെ വില **236/-** രൂപയായി നിശ്ചയിച്ചാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയത്. ഇനത്തിന്റെ ആകെ തുക **375.42** രൂപയാണ്. പൈപ്പിന്റെ വില നിശ്ചയിച്ചതിന് ആധാരമാക്കിയ രേഖയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയോട്ടും ഭാഗം വാട്ടർ സപ്ലൈ രണ്ടാം ഘട്ടം പദ്ധതിയുടെ എസ്റ്റിമേറ്റിലും **75 Mm 10 KGF/CM2** ഉപയോഗിക്കുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്.(എസ്റ്റിമേറ്റ് നം. **19814/2023)** ഡാറ്റയിൽ **75 Mm 10 KGF/CM2** പി.വി.സി പൈപ്പിന്റെ വില **166** രൂപയായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരം ഒരു മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പരമാവധി നിരക്ക് **287.88** രൂപ മാത്രമാണ്. കരാർ പ്രകാരം ഈ ഐറ്റത്തിന് കാട്ട് ചെയ്ത തുക **344.63** രൂപയാണ് . മാർക്കറ്റ് വിലയായി **236/-** രൂപ ഉൾപ്പെടുത്തിയതിനാൽ ആകെ നിരക്കിൽ **56.75/- (344.63−287.88)** രൂപ അധികമാണെന്ന് കാണുന്നു. ഇപ്രകാരം **105.8** മീറ്ററിന് **GST** ഉൾപ്പെടെ **7084.897/-** രൂപയുടെ അധിക ചെലവുണ്ടായതായി കാണുന്നു.**25 Mm ,32 Mm , 40 Mm PVC** പൈപ്പ് സ്ഥാപിച്ചതിലും സമാന അപാകത ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് **(10/2023-24തീ. 24.08.2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. പൈപ്പിന്റെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിനായി ആധാരമാക്കിയ രേഖയുടെ വിശദാംശം ലഭ്യമാക്കേണ്ടതും ആയതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതുമാണ്.

1-8 ഒബ്സർവ്ഡ് ഡാറ്റയ്ക്ക് അധിക നിരക്ക് നൽകി -ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

പദ്ധതിയുടെ പേര് - താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യം ഒരുക്കൽ നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

2022-23

പ്രോജക്ട് നം - 96/23

വകയിരുത്തിയ തുക - 500000/-

1st & പാർട്ട് ബിൽ നം - 22160663009701554259 Dtd 29-03-2023

ബിൽ തുക - 80509/-

2023-24

പ്രോജക്ട് നം - 138/24 (SO)

വകയിരുത്തിയ തുക - 419491/-

ചെലവഴിച്ച തുക - 378172/-

2nd & ഫൈനൽ ബിൽ നം - 23160663009700571076 Dtd 20-09-2023

ബിൽ തുക – 378172/-

ആകെ ചെലവഴിച്ച തുക - 458681/-

താലൂക്ക് ആശുപത്രി, പേരാമ്പ്രയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പിയിലും റിസപ്ഷനിലും അലൂമിനിയം വർക്കും സ്റ്റോർ റാക്ക് സ്ഥാപിക്കുന്നതിനുമായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 2022-23ൽ 500,000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 80,509/- രൂപ പാർട്ട് ബിൽ നൽകുകയും ചെയ്തു. 2023-24 ൽ 4,19,491/- രൂപ വകയിരുത്തി സ്പിൽ ഓവർ പ്രോജക്ട് ആയി പദ്ധതി കൊണ്ടുവരികയും ബാക്കി പൂർത്തീകരിച്ച പ്രവൃത്തികൾക്കായി 3,78,172/-രൂപ ഉൾപ്പെടെ ആകെ 4,58,681/-ചെലവഴിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ചില ഇനങ്ങൾ കൂടുതൽ അളവിൽ നിർവ്വഹിക്കേണ്ടതിനാൽ എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ, LID&EWആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ പുതുക്കുന്നതിനുള്ള അനുമതി (തീരുമാനം.നം.105(5)/2022-23 Dtd 21-03-2023) ഭരണസമിതി നൽകുകയുണ്ടായി. പ്രൈസ് സോഫ്റ്റ്വെയറിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഒരു എക്സ്ട്രാ ഐറ്റം ഉൾപ്പെടുത്തണം എന്ന് പറയുന്നുണ്ടെങ്കിലും ഏത് ഇനമാണ് ഉൾപ്പെടുത്തേണ്ടത് എന്ന് പരാമർശിച്ചിട്ടില്ല. എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതിയാണ് ഭരണസമിതി നൽകിയത് എങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഐറ്റമായ “PVC Board” എന്ന എക്സ്ട്രാ ഐറ്റം ഒബ്സർവ്ഡ് ഡാറ്റയായി (OD 157044/2023-24) ഉൾപ്പെടുത്തുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതിന് അംഗീകാരം നൽകുകയും ചെയ്തു. അതായത് ബ്ലോക്ക് പഞ്ചായത്ത് അനുമതിയില്ലാതെയാണ് ഈ എക്സ്ട്രാ ഐറ്റം റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. DSR ലെ 21.2.1 എന്ന ഇനം ഭേദഗതി വരുത്തിയാണ് എക്സ്ട്രാ ഐറ്റമായി ഈ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നത്. ഒറിജിനൽ എസ്റ്റിമേറ്റിൽ ഈ ഐറ്റത്തിന് ച.മീറ്ററിന് 1181.78/- രൂപയാണ് നിരക്ക് വരുന്നത്. പ്രസ്തുത ഇനത്തിലെ മെറ്റീരിയൽ മാത്രം മാറ്റം വരുത്തിയാണ് OD തയ്യാറാക്കിയിട്ടുള്ളത്. അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റയ്ക്ക് 7ചതുരശ്ര മീറ്ററിന് 9938.67/-രൂപയാണ് നിരക്ക്. അതായത് ചതുരശ്ര മീറ്ററിന് 1419.81/- (9938.67 / 7) രൂപ. ഇത് പ്രകാരം DSR ലെ 21.2.1 നെ അപേക്ഷിച്ച് ചതുരശ്ര മീറ്ററിന് 238.03/-രൂപ അധികമാണ് ഒബ്സർവ്ഡ് ഡാറ്റയ്ക്ക്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ ഒരു ചതുരശ്ര മീറ്റർ

യൂണിറ്റ് അടിസ്ഥാനമാക്കി നിരക്ക് കണക്കാക്കേണ്ടതിന് പകരം ഒരു ചതുരശ്ര മീറ്റർ യൂണിറ്റിന് 7 ചതുരശ്ര മീറ്റർ യൂണിറ്റിന്റെ നിരക്ക് പ്രകാരമാണ് OD തയ്യാറാക്കിയത്. ഇക്കാരണത്താൽ യഥാർത്ഥ നിരക്കിനേക്കാൾ 6 മടങ്ങ് അധികമായാണ് നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

ബിൽ തയ്യാറാക്കാനായി എടുത്ത ഒബ്സർവ്ഡ് ഡാറ്റ (ഒരു സ്കയർ മീറ്ററിന്)	റേറ്റ്	യഥാർത്ഥത്തിൽ എടുക്കേണ്ട ഒബ്സർവ്ഡ് ഡാറ്റ (ഏഴ് സ്കയർ മീറ്ററിന്)	റേറ്റ്
P V C Sheet	6989.85 (Market Rate)	P V C Sheet	6989.85 (Market Rate)
Carriage	27.30	Carriage	27.30
Carpender 2nd Class	611.10	Carpender 2nd Class	611.10
Beldar	558	Beldar	558
Sundries	54.60	Sundries	54.60
Total	8240.85	Total	8240.85
Total Rate For 1 Sq.Mtr	8240.85	Total Rate For 7 Sq.Mtr (8240.85/7)	1177.26
Water Charge @ 1%	82.41	Water Charge @ 1%	11.77
Total	8323.26	Total	1189.03
CP&OH@15% Of 8323.26	1248.49	CP&OH@15% Of 1189.03	178.35
Total	9571.75	Total	1367.38
Cost Index@ 36.44% (മാർക്കറ്റ് നിരക്ക് ഒഴിവാക്കിയുള്ള തുകയായ 1453.03/- രൂപയുടെ)	529.49	Cost Index@ 36.44% (മാർക്കറ്റ് നിരക്ക് ഒഴിവാക്കിയുള്ള തുകയായ 207.56/- രൂപയുടെ)	75.63
Total	10101.24	Total	1443.01
Tender Variation Of 1982.53 (1453.03+529.49) (-8.20%)	-162.57	Tender Variation Of 1982.53 (207.56+75.63) (-8.20%)	-23.22
Total	**9938.67**	Total	1419.79

പ്രവൃത്തി ചെയ്തതിന്റെ എം ബുക്ക് പരിശോധിച്ചതിൽ നിന്നും ഈ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 4.141 M2 വിസ്തീർണ്ണത്തിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ഈ ഡാറ്റയ്ക്ക് ച.മീറ്റിന് 1419.79/- രൂപ നിരക്കിൽ തുക നൽകുന്നതിന് പകരം 9938.67/-രൂപ ഒരു ചതുരശ്ര മീറ്ററിന് എന്ന നിരക്കിലാണ് തെറ്റായി നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക		യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക		കരാറുകാരന് അധികം നൽകിയ തുക	
ഒരു ച.മീറ്ററിന് 9938.67/- രൂപ പ്രകാരം 4.141M2 ന് നൽകിയ തുക	41156.03/-	ഒരു ച.മീറ്ററിന് 1419.79/- രൂപ പ്രകാരം 4.141M2 ന് നൽകിയ തുക	5879.35/-	ഒരു ച.മീറ്ററിന് 1419.79/-രൂപ പ്രകാരം 4.141M2 ന് കരാറുകാരന് അധികം നൽകിയ തുക	35276.68/-
ജി.എസ്.ടി 18%	7408.08/-	ജി.എസ്.ടി 18%	1058.28/-	ജി.എസ്.ടി 18%	6349.80/-
ആകെ	48564.11/-	ആകെ	6937.63/-	ആകെ	**41626.48/-**

ചതുരശ്ര മീറ്ററിന് 1419.79/- രൂപ പ്രകാരം 4.141 M2 പ്രവൃത്തിക്ക് ആകെ 5879.35/- രൂപയാണ് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയ്ക്ക് ബിൽ കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ 9938.67/-രൂപ നിരക്കിൽ 41156.03/-രൂപയാണ് ജി.എസ്.ടി ഒഴികെ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയത്. തെറ്റായ നിരക്ക് നൽകി ബിൽ തയ്യാറാക്കി നൽകിയതുമൂലം 18% ജി.എസ്.ടി (41156.03X18%=7408.08/-) ഉൾപ്പെടെ 48564.11/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ജി.എസ്.ടി (5879.35X18%=1058.28/-) ഉൾപ്പെടെ 6937.63/-രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. എന്നാൽ 6349.80/- രൂപ ജി.എസ്.ടി ഉൾപ്പെടെ **41626.48/-** രൂപ കരാറുകാരന് അധികം നൽകി. ബിൽ തയ്യാറാക്കിയപ്പോഴോ തുക കൈമാറിയപ്പോഴോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഇത് പരിശോധിക്കാതിരുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് കാണുന്നു. അധിക നിരക്ക് ഉൾപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിനാൽ അനർഹമായി വലിയ തുക കരാറുകാരന് നൽകാനിടയായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (01/24 തീ.22-08-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന് അധികം നൽകിയ തുക അടിയന്തിരമായി ഈടാക്കി സർക്കാരിലേക്ക് തിരിച്ച് അടച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതാണ്. അനർഹമായി നൽകിയ ചെലവ് തുക **41626/-** രൂപ നിരാകരിക്കുന്നു.

<u>1-9 ചേർമല കോളനി വർക്ക്ഷെഡ് വൈദ്യുതീകരണം- പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല.</u>

പ്രൊജക്റ്റ് : 115/24 (So)

പ്രൊജക്റ്റ് :ചേർമല കോളനി വർക്ക്ഷെഡ് വൈദ്യുതീകരണം .

അടങ്കൽ : 91,000/- (വികസന ഫണ്ട് -എസ്.സി.പി)

ചെലവ് : 78350/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്.

ചേർമല പട്ടികജാതി കോളനിയിലെ വർക്ക് ഷെഡ് വൈദ്യുതീകരണം നടത്തുന്നതിനായി 2022-23 ൽ പ്രോജക്ട്. നമ്പർ 59/23 പ്രകാരം 91000/- രൂപ വകയിരുത്തിയിരുന്നു. ഓഡിറ്റ് വർഷം 78350/-രൂപ വൈദ്യുതീകരണ പ്രവൃത്തിയുടെ ചെലവിനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബി പാനൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ (പ്രൊജക്ട് നമ്പർ 59/23(so)) സെപ്പറേറ്റ് സിംഗിൾ ഫേസ് കെ.എസ്.ഇ.ബി സർവീസ് കണക്ഷൻ പ്രവൃത്തി കൂടി ഉൾപ്പെടുത്തിയിരുന്നു. കമ്മീഷൻ പ്രകാരം ശ്രീ മുഹമ്മദ്. എം , എന്ന കോൺട്രാക്ടർ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എൻജിനീയറിങ് വർക്ക് പാനൽ എഞ്ചിനീയർ സെക്രട്ടറിക്ക് 21.7 2023 ന് അയച്ച കത്ത് പ്രകാരം 7.4.2023 ന് ആരംഭിച്ച പ്രവൃത്തി 6.7.2023 ന് പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഓഡിറ്റ് ടീം സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 23.8.2024 ൽ സ്ഥലപരിശോധന നടത്തിയതിൽ കെ.എസ്.ഇ.ബിയുടെ വൈദ്യുതി കണക്ഷൻ ഇല്ല എന്ന് കാണുകയുണ്ടായി. ആയതിന്റെ ഗുണഭോക്താക്കളായ കോളനിവാസികൾ പരിശോധനാവേളയിൽ ബുദ്ധിമുട്ട് നേരിൽ അറിയിക്കുകയും ചെയ്തു. ഒരു വർഷത്തിലധികം ആയിട്ടും പ്രോജക്ടിന്റെ പ്രധാന ഭാഗം (വയറിങ്ങ്, ലൈറ്റ് അന്റ് ഫിറ്റിങ്ങ്സ്) പൂർത്തിയാക്കിയിട്ടും വൈദ്യുതി ലഭിക്കാൻ നടപടി എടുക്കാത്തതിനാൽ പദ്ധതി ലക്ഷ്യം പൂർത്തിയാക്കാനായിട്ടില്ല. 2024-25 വർഷത്തെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളിൽ വൈദ്യുതി കണക്ഷന് വേണ്ട പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. മേൽപ്പറഞ്ഞ പരാമർശത്തിനുള്ള ഓഡിറ്റ് എൻകയറിക്ക് (നം. 5/24.8.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 'വിമുക്തി' - പ്രോജക്ട് നിർവഹണത്തിൽ ന്യൂനത.

പ്രോജക്ട് നമ്പർ: 111 /24

പ്രോജക്ട് : വിമുക്തി .

അടങ്കൽ : ₹ 62,400/- (തനത് ഫണ്ട്)

ചെലവ് : ₹ 62,400/-

ചെക്ക് നം, തീയതി: 1777002/18.9.2023.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി,പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്.

2022-23 വർഷം ഒരു ലക്ഷം രൂപ അടങ്കലിൽ ആരംഭിച്ച മേൽ പദ്ധതി പ്രകാരം 37,600/- രൂപ 2022-23 വർഷം പ്രോജക്റ്റിനായി ചെലവഴിക്കുകയുണ്ടായി. ശേഷിക്കുന്ന 62,400/- രൂപ ഓഡിറ്റ് വർഷവും ചെലവഴിച്ചു. കുട്ടികൾക്കിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി ലഹരി വിരുദ്ധ നാടകം, ആയതിന്റെ സൗണ്ട് റോക്കോർഡിങ്ങ് എന്നിവയുടെ ചെലവിനായാണ് പണം ചെലവഴിച്ചിട്ടുള്ളത് . പ്രസ്തുത പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നാടകം അവതരിപ്പിച്ചതിനുള്ള ചെലവ് തുകയിലേക്ക് ശ്രീ.കെ.സി.കരുണാകരൻ എന്നവർക്ക് 20,000/- രൂപ കൈമാറുകയും ഉണ്ടായി. ഓഡിറ്റ് വർഷം നാടകത്തിന്റെ സൗണ്ട് റെക്കോർഡിങ്ങ്

ഡയലോഗ് ഡബ്ബിങ് സംവിധാനം എന്നിവക്കൊക്കെയായി സെക്രട്ടറി കമ്മ്യൂഷൻ ക്ഷണിക്കുകയും ആയത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിൽ സമർപ്പിച്ച കമ്മ്യൂഷനുകളായ സൗണ്ട് റെക്കോർഡിങ് 15000/- രൂപ (മിൽക്ക് വേ ഓഡിയോ പ്രൊഡക്ഷൻസ്), ഡയലോഗ് ഡബ്ബിങ് മ്യൂസിക് 32000/- (നിസരി റെക്കോർഡിങ്ങ് സ്റ്റുഡിയോ), സംവിധാനം നിർവ്വഹിച്ചതിന് 15400/- രൂപ എന്നീ പ്രവൃത്തിക്ക് ശേഷം തുക അനുവദിക്കുന്നതിനായി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഭരണസമിതി തന്നെ പരിപാടിയുടെ മാനേജർ /കോ-ഓഡിനേറ്റർ ആയി ശ്രീ കരുണാകരൻ.കെ.സി എന്നവരെ നേരത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പരിപാടി വിജയകരമായി പൂർത്തിയാക്കിയതായുള്ള വിവിധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് സംബന്ധിച്ച ഓഡിയോ പ്രൊഡക്ഷൻ ചെലവ്, റെക്കോർഡിങ് സ്റ്റുഡിയോ ചെലവ്, സംവിധായകനുള്ള ചെലവ് എന്നിവ അംഗീകരിച്ച കമ്മ്യൂഷൻ പ്രകാരം പ്രവൃത്തി നടത്തിയ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുപകരം ശ്രീ കരുണാകരൻ കെ.സി എന്നവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് ശരിയായ നടപടിക്രമമല്ല. മേൽ ചേർത്ത പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻകമയറിക്ക് (നം.7/24.8.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണത്തിലെ ന്യൂനതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11 മേഖലാ ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആസൂത്രണം

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പട്ടിക 3 പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

.ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക

.ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക

.കാർഷിക പ്രദർശനങ്ങൾ നടത്തുക

.ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക

.കാർഷിക വായ്പ സ്വരൂപിക്കുക

.പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

കഴിഞ്ഞ 6 വർഷകാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക എന്ന ചുമതലയിൽ ഉൾപ്പെടുത്താവുന്ന കൊയ്ത്ത് മെതിയന്ത്രം ബേലർ വാങ്ങൽ എന്ന പദ്ധതി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയത് ഒഴിച്ചു നിർത്തിയാൽ , ഗ്രാമപഞ്ചായത്തുകൾ മുഖ്യ പങ്കാളിയായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുകയോ, ഗ്രാമപഞ്ചായത്തിന്റെ ചുമതലയായ ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന പദ്ധതികളോ ആണ് സ്ഥാപനം ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കാർഷിക മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന തരത്തിലുള്ള മുൻ ബന്ധം സാധ്യമാക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, യന്ത്ര വത്കരണം, എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുകയും മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്.

1-12 പൊതു സ്ഥലങ്ങളിൽ വൃക്ഷതൈ വച്ച് പിടിപ്പിക്കൽ- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നമ്പർ, പേര്	20/2024 പൊതു സ്ഥലങ്ങളിൽ ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിക്കൽ
അടങ്കൽ	21000
ചെലവ്	21000 വികസന ഫണ്ട് - ജനറൽ.
ബിൽ വിശദാംശം	94/05.09.2023
നിർവ്വഹണ ഉദ്യോഗസ്ഥൻ	ബിന്ദു.ആർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതു സ്ഥലങ്ങളിൽ വൃക്ഷതൈ വെച്ച് പിടിപ്പിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 28.05.2022 തിയ്യതിയിലെ സ.ഉ.(കൈ) നം. 115/2022/LSGD നമ്പറായുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പട്ടികയിലെ ക്രമനമ്പർ 6 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ , തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലുമാണ് ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ഫലവൃക്ഷതൈകൾ കൈമാറിയിട്ടുള്ളത് തച്ചറത്ത് കണ്ടി നാഗകാളി ക്ഷേത്രം , സേവ് ചാരിറ്റബിൾ ട്രസ്റ്റ് പേരാമ്പ്ര എന്നീ സ്ഥാപനങ്ങൾക്കാണ്.

2. 7 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് ഒരു ഗ്രാമപഞ്ചായത്ത് പരിധിയിൽ മാത്രമായി പദ്ധതി പരിമിതപ്പെടുത്തിയതിന്റെ കാരണം

വ്യക്തമാക്കിയിട്ടില്ല.

3. ഫലവൃക്ഷ തൈകൾ വിതരണം ചെയ്തതിന്റെ ബില്ല് സമർപ്പിച്ചതും തുക കൈമാറിയിട്ടുള്ളതും ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്കിനാണ്. കമ്മീഷൻ നടപടികളില്ലാതെ നേരിട്ട് വാങ്ങൽ നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഫലവൃക്ഷങ്ങൾ പൊതു സമൂഹത്തിന് അനുഭവ വേദ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആസൂത്രണം ചെയ്യേണ്ടിയിരുന്ന പദ്ധതി സ്വകാര്യ സ്ഥാപനങ്ങളെ മുൻനിർത്തി നിർവ്വഹിച്ചത് പദ്ധതി ലക്ഷ്യത്തിന് വിരുദ്ധമായാണ്. അപാകതകളുടെ സാഹചര്യത്തിൽ ചെലവ് തുകയായ 21,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. .

1-13 വനിതാ പുഷ്പ കൃഷി- ബില്ല് ലഭ്യമാക്കിയില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2023-24 വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതു സ്ഥലങ്ങളിൽ വനിതാ പുഷ്പകൃഷി എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. പദ്ധതി പ്രകാരം ചെണ്ടുമല്ലിയുടെ തൈകളാണ് വനിതാ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത് . തൈ ഒന്നിന് 5 രൂപ നിരക്കിൽ വികസന ഫണ്ടിൽ നിന്നും 39,570/- രൂപ അരിക്കുളം അഗ്രികൾച്ചർ & അദർ വർക്കേഴ്സ് കോ ഓപറേറ്റീവ് സൊസൈറ്റിക്കും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നിന്നും 13,190/- രൂപ പന്തലായനി അഗ്രോ സർവ്വീസ് സെന്ററിനും കൈമാറിയതായി ട്രഷറി ബില്ലുകളിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്കിന്റെ 39,570/- രൂപയുടെ ക്യാഷ് ബില്ലാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്.

2. ട്രഷറി ബില്ലുകളിലെ അരിക്കുളം അഗ്രികൾച്ചർ & അദർ വർക്കേഴ്സ് കോ ഓപറേറ്റീവ് സൊസൈറ്റി, പന്തലായനി അഗ്രോ സർവ്വീസ് സെന്റർ എന്നിവയുടെ ബാങ്ക് അക്കൗണ്ട് സമാനമാണ്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, സ്ഥാപനങ്ങൾ പണം കൈപ്പറ്റിയതിന്റെ രശീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയോടൊപ്പം പന്തലായനി അഗ്രോ സർവ്വീസ് സെന്ററിന്റെ പേരിലുള്ള 52,760/- രൂപയുടെ ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. അരിക്കുളം അഗ്രികൾച്ചർ & അദർ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പന്തലായനി അഗ്രോ സർവ്വീസ് സെന്റർ എന്നിവ ഒരേ സ്ഥാപനമാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് തെളിയിക്കുന്നതിനായി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ പരിശോധനക്ക് നൽകേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-14 എച്ച്.എം.സി കണക്കുകൾ സമർപ്പിച്ചില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി യഥാസമയം കണക്കുകൾ തയ്യാറാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിന്റെ ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ വാർഷിക കണക്കുകൾ ഏറ്റവും അവസാനമായി ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത് **2007-08** വർഷത്തിലാണ്.

വാർഷിക കണക്കുകൾ ലഭ്യമാക്കുന്നതിലുള്ള വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ , ചട്ടം 9 പ്രകാരമുള്ള ഉൾപ്പെടെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ മെമ്പർ സെക്രട്ടറി , ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി എന്നിവ വീഴ്ച വരുത്തിയിട്ടുണ്ട്. സ്ഥാപനം സാമ്പത്തിക സുതാര്യതയില്ലാതെ പ്രവർത്തിക്കുന്നത് ആശാസ്യമല്ല. ഓഡിറ്റ് ചെയ്ത കണക്കുകൾ പൊതുജനത്തിന് ലഭ്യമാവുന്നില്ലെന്നത് പൗരന്മാരുടെ അവകാശങ്ങളുടെ ലംഘനമാണ്.

വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയവ സമർപ്പിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.

1-15 ജീവനക്കാരെ നിയമിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താലൂക്ക് ആശുപത്രിയിൽ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക്, താലൂക്ക് ആശുപത്രി പാരാമെഡിക്കൽ സ്റ്റാഫിന് വേതനം, മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നീ പദ്ധതികൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വികസന ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ വിശദാംശം	കരാർ ജീവനക്കാരുടെ വിവരം	ചെലവഴിച്ച തുക
താലൂക്ക് ആശുപത്രിയിൽ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക്	ഡോ.ഹാഫിയ (41000 / മാസം) ജിസ്മ തസ്ലി , ഫാർമസിസ്റ്റ് (600/ ദിവസം)	369482
താലൂക്ക് ആശുപത്രി പാരാമെഡിക്കൽ സ്റ്റാഫിന് വേതനം	ചഞ്ചൽ , ലാബ് ടെക്നീഷ്യൻ ഷർഫിന , ലാബ് ടെക്നീഷ്യൻ	806800

	മുഫീദ, ഫാർമസിസ്റ്റ് ഹിമാ ദാസ്, ഫാർമസിസ്റ്റ് രമ്യാദാസ്, ഇ.സി.ജി ടെക്നീഷ്യൻ പത്മിനി , ഇ.സി.ജി ടെക്നീഷ്യൻ (എല്ലാവർക്കും 600/ ദിവസം)	
മൊബൈൽ മെഡിക്കൽ യൂണിറ്റ്	ഡോ. നിതിൻ രാഘവ് (41000 / മാസം) നിഖില.ടി.വി , ഫാർമസിസ്റ്റ് (600/ ദിവസം) ജോഷി അഗസ്റ്റിൻ ,നഴ്സ് (600/ ദിവസം) വാഹന വാടക (33900/ മാസം)	1193809

മേൽ നിയമനങ്ങൾക്കായി വേതനം അനുവദിച്ച് നൽകിയിട്ടുള്ളത് വികസന ഫണ്ടിൽ നിന്നാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി ക്ക് അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനും മൺസൂൺ കാലങ്ങളിൽ പനി ക്ലിനിക്കിലേക്ക് അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനും സർക്കാർ ഉത്തരവ് നിലവിലുണ്ട്. എന്നാൽ താലൂക്ക് ആശുപത്രിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ള മേൽ പദ്ധതികളെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

.താലൂക്ക് ആശുപത്രിയിൽ വയോജനങ്ങൾക്ക് മാത്രമായി ക്ലിനിക് എന്ന പദ്ധതി പ്രകാരമുള്ള രാവിലെ മുതൽ ഉച്ചവരെയുള്ള ഒ.പി പ്രവർത്തനങ്ങൾ നടന്നത് താലൂക്ക് ആശുപത്രിയിൽ തന്നെയാണ്. പദ്ധതി പ്രകാരം പ്രത്യേകം മരുന്നുകൾ വാങ്ങുകയോ ഫാർമസി പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല. രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കിയത് ആശുപത്രിയുടെ ഫാർമസിയിൽ നിന്നുമാണ്. മേൽ സാഹചര്യത്തിൽ പദ്ധതി പ്രകാരം പ്രത്യേകം ഫാർമസിസ്റ്റിനെ നിയമിച്ച് 1,09,800/- രൂപ വേതനം നൽകിയതിന്റെ സാംഗത്യം വ്യക്തമല്ല. ചെലവ് തുക തടസ്സപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ്.

.കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമിതരായവരുമായി കരാറിലേർപ്പെട്ടില്ല.

.അവധി ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിലേക്ക് ആസൂത്രണം ചെയ്ത് നടപ്പാക്കിയ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പദ്ധതി പ്രകാരം അധിമാസങ്ങളിൽ 18,600/- രൂപ നിരക്കിലും മുപ്പത് ദിവസങ്ങളുള്ള മാസങ്ങളിൽ

18,000/- രൂപ നിരക്കിലുമാണ് ഫാർമസിസ്റ്റ്, നഴ്സ് എന്നിവർക്ക് വേതനം അനുവദിച്ചത്. ആയതിൽ നിന്നും പ്രതിദിനം 600 രൂപ നിരക്കിലാണ് വേതനം അനുവദിച്ചതെന്ന് വ്യക്തമാണ്. എന്നാൽ അവധി ദിനങ്ങളും ജീവനക്കാർ ഹാജരാകാത്തതുമായ ദിവസങ്ങൾ പരിഗണിക്കാതെ മുഴുവൻ വേതനവും അനുവദിക്കുന്നതായി കാണുന്നു. ഉദാ- ഹാജർ പുസ്തക പ്രകാരം 2023 ഏപ്രിൽ മാസത്തിൽ 18 ദിവസം മാത്രമേ ജീവനക്കാർ ഹാജരായിട്ടുള്ളൂ. എന്നാൽ 30 ദിവസത്തേക്ക് വേതനം അനുവദിച്ചു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയതിനനുസൃതമായി സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ലാത്തതിനാലാണ് നിയമനം നടത്തിയതെന്നും എച്ച്.എം.സി യിൽ മതിയായ ഫണ്ട് ഇല്ലാത്തതിനാലാണ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അധിക ജീവനക്കാരെ നിയമിച്ചതെന്നും അറിയിച്ചിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ജീവനക്കാർ നിപ്പ കവറന്റൈനിലായിരുന്ന കാലത്തെ വേതനം പൂർണ്ണമായും അനുവദിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ല.

.സ്ഥാപനത്തിലെ അംഗീകൃത തസ്തികകളുടെ തസ്തിക തിരിച്ചുള്ള വിശദാംശവും എച്ച്.എം.സി മുഖേനയും കരാർ അടിസ്ഥാനത്തിലും നിയമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങളുടെ അഭാവത്തിൽ മതിയായ ജീവനക്കാരില്ലെന്ന മറുപടി സ്വീകാര്യമല്ല.

.എച്ച്.എം.സി യിൽ മതിയായ ഫണ്ടില്ലാത്ത കാരണത്താലാണ് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ജീവനക്കാരെ നിയോഗിച്ചതെന്ന മറുപടി എച്ച്.എം.സി യുടെ കണക്കുകൾ ലഭ്യമല്ലാത്ത കാരണത്താൽ സ്വീകാര്യമല്ല. എച്ച്.എം.സി ഫണ്ട് പര്യാപ്തമല്ലെങ്കിൽ ആയത് പരിഹരിക്കാനുള്ള ചുമതല കമ്മിറ്റിക്കും ഭരണസമിതിക്കുമുണ്ട്. വികസനഫണ്ടുപയോഗിച്ച് കരാർ ജീവനക്കാരെ നിയമിച്ചതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

.മൊബൈൽ മെഡിക്കൽ യൂണിറ്റ് പൊതു അവധി ദിനങ്ങൾ ഒഴികെയുള്ള പ്രവൃത്തി ദിനങ്ങളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ ദിവസ വേതന നിരക്കിൽ നിയമിച്ച ജീവനക്കാർക്ക് എല്ലാ മാസവും അവധി ദിനങ്ങളിലെ വേതനവും അനുവദിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ഓഡിറ്റ് എൻകവയറിയിൽ ഉദാഹരണമായി പരാമർശിച്ച ഏപ്രിൽ മാസത്തിൽ ജീവനക്കാർ നിപ്പ കവറന്റൈൻ ആയതിനാലാണ് മുഴുവൻ വേതനവും അനുവദിച്ചതെന്ന മറുപടി സ്വീകാര്യമല്ല.

അപാകതകളുടെ സാഹചര്യത്തിൽ ചെലവ് തുകയായ 23,70,091/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-16 മരുന്ന് വാങ്ങൽ- നടപടി ക്രമങ്ങൾ പാലിച്ചില്ല.</u>

പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ ഡയാലിസിസിന് വിധേയമാകുന്ന വയോജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്ന പ്രൊജക്ട് പ്രകാരം 1860950 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. മരുന്ന് സപ്ലൈ ചെയ്തിരിക്കുന്നത് PROMT SUPPLIERS KOZHIKODE, Malabar Tech എന്നീ സ്ഥാപനങ്ങളാണ്. ടെണ്ടർ നടപടിയിലൂടെയാണ് വാങ്ങലുകൾ നടത്തിയത്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അലോപ്പതി

മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങേണ്ടത്. അടിയന്തിര ഘട്ടങ്ങളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ, നീതി, ജൻഔഷധി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങാമെന്നിരിക്കെ അത്തരം വാങ്ങലുകളുടെ സാധ്യതയും ആരാഞ്ഞുകാണുന്നില്ല. നോൺ അവെയ്ബിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബില്ലുകളിൽ നിന്നും സപ്ലയർ ജി.എസ്.ടി ഈടാക്കിയ സാഹചര്യത്തിലും ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് ബിൽ തുക കരാറുകാരന് അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ മെഡിക്കൽ സർവീസ് കോർപ്പറേഷൻ, കാരുണ്യ, നീതി, ജൻഔഷധി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ മരുന്ന് ലഭ്യമല്ലാത്തതിനാണ് ടെണ്ടർ നടപടിയിലൂടെ മരുന്ന് വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്.

2022-23 വർഷത്തെ ടെണ്ടർ ഫയലുകളാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. 2023-24 വർഷത്തിൽ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കാരുണ്യ, നീതി, ജൻഔഷധി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ ലഭ്യമല്ലായിരുന്നു എന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകൾ, നോൺ അവെയ്ബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 18,60,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പദ്ധതി പ്രകാരം അർജുൻ എൻ.ബി എന്നവർക്ക് 3,37,800/- പത്ത് മാസക്കാലത്തെ വാഹന വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും ഒരു ശതമാനം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ 3,37,800/- രൂപ കരാറുകാരന് കൈമാറിയ സാഹചര്യത്തിലും ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

1-18 കിഴിവുകൾ വരുത്താതെ ബിൽ തുക അനുവദിച്ചു.

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പേരാമ്പ്ര താലുക്ക് ആശുപത്രിയിൽ ജനറേറ്റർ- എസ്റ്റിമേറ്റിൽ വന്ന അധിക തുക അനുവദിക്കൽ എന്ന പദ്ധതി പ്രകാരം 2022-23 വർഷത്തിൽ വാങ്ങിയ ജനറേറ്റർ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റേയും മൂല്യനിർണ്ണയ പത്രികയുടെയും അടിസ്ഥാനത്തിൽ 3,90,908/- രൂപ പ്രവൃത്തി നിർവ്വഹിച്ച കരാർ സ്ഥാപനമായ ഹോർസ് പവർ സൊല്യൂഷൻസിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന് അനുവദിച്ച ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട ആദായ നികുതി, ചരക്ക് സേവന നികുതി എന്നിവയും തൊഴിലാളി ക്ഷേമനിധി സെസ്സും കുറവ് ചെയ്തതായി കാണുന്നില്ല.

ആദായ നികുതി, ചരക്ക് സേവന നികുതി എന്നിവയും തൊഴിലാളി ക്ഷേമനിധി സെസ്സും കുറവ് ചെയ്തതിന്റെ വിവരങ്ങൾ പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-19 പഠനമുറി പൂർത്തിയായില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് നമ്പർ : 22/24

പ്രൊജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

2023-24 വർഷത്തിൽ 20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം നൽകുന്നതിനായി പ്രൊജക്ട് തയ്യാറാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഇതിൽ 14 ഗുണഭോക്താക്കളും നാളിതുവരേ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇങ്ങനെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത വിദ്യാർത്ഥികളിൽ 11 പേരും 2023-24 ൽ +2 വിദ്യാർത്ഥികളാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ +2 വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുകയെന്ന ലക്ഷ്യം നടപ്പിലാവാതെ പോയി. ഇവർ നിലവിൽ തുടർ വിദ്യാഭ്യാസം ചെയ്യുന്നില്ലെങ്കിൽ വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കിക്കോടുക്കുക എന്ന ആശയം തന്നെ സഫലമാവാതെ പോവും. തൻ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 4/2023-24ന് മറുപടി നൽകിയിട്ടില്ല.

1-20 വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം - നിർവ്വഹണത്തിൽ ന്യൂനതകൾ, പ്രവർത്തനം ആരംഭിച്ചിട്ടില്ല. .

പ്രൊജക്ട് നമ്പർ 35/24

പ്രൊജക്ടിന്റെ പേര് : വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം .

അടങ്കൽ: 2300000/-

ചെലവ്: 2025873/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഇൻഡസ്ട്രിയൽ എക്സ്റ്റൻക്ഷൻ ഓഫീസർ.

ബിൽ നം,തീയതി	തുക
23160663009501091196/24.3.2024	375000
23160663009501100951/24.3.2024	267143
23160663009501497576/24.3.2024	258750
23160663009501497713/24.3.2024	375000
23160663009501503014/24.3.2024	375000
23160663009501497763/24.3.2024	375000

ആകെ	20,25,893/-

1) വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് താഴെ ചേർത്ത ആറ് വനിതാഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചത് .

ക്രമ നം	സംരംഭത്തിന്റെ പേര്	അനുവദിച്ച സബ്സിഡി തുക
1	റിക്കോ ബേക്സ്, കായണ്ണ	375000
2	സാൻഡെഫുഡ്സ്, പന്തിരിക്കര	267143
3	അനുശ്രീ ഓൺലൈൻ സർവീസ്, നൊച്ചാട്	258750
4	വിഷൻ റെന്റെൽ സർവീസ്, ചക്കിട്ടപ്പാറ.	375000
5	രുചി കാറ്ററിംഗ് ,ചക്കിട്ടപ്പാറ	375000
6	ത്രീസ്റ്റാർ സെൽഫ് എന്റർപ്രൈസസ്, പന്തിരിക്കര	375000
	ആകെ	20,25,893/-

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. പ്രസ്തുത ലോൺ അക്കൗണ്ടിലേക്ക് അനുവദിച്ച സബ്സിഡി തുക വരവ് വെച്ചോ എന്ന് അറിയുന്നതിനായി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട്, ലോൺ അക്കൗണ്ട് എന്നിവയുടെ ബാങ്ക് പാസ്ബുക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കാത്തതിനാൽ സബ്സിഡി തുക ലോണിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും നിലവിലെ സ്ഥിതി വിവരവും പരിശോധിക്കാനായിട്ടില്ല.

2) 'ത്രീസ്റ്റാർ സെൽഫ് എന്റർപ്രൈസസ്', (എരവട്ടൂർ) എന്ന് രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന്റെ അംഗങ്ങൾക്ക് സബ്സിഡി തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ട് അഞ്ച് മാസത്തോളമായിട്ടും സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടില്ല. സംരംഭം പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ പ്രകാരം ലോൺ തുക തിരിച്ച് ഇടാക്കേണ്ടതാണ്. മേൽ ചേർത്ത പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.6/24.8.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒബ്സർവ്ഡ് ഡാറ്റയ്ക്ക് അധിക നിരക്ക് നൽകി -ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

പദ്ധതിയുടെ പേര് - താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യം ഒരുക്കൽ

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

2022-23

പ്രോജക്റ്റ് നം - 96/23

വകയിരുത്തിയ തുക - 500000/-

1st & പാർട്ട് ബിൽ നം - 22160663009701554259 Dtd 29-03-2023

ബിൽ തുക - 80509/-

2023-24

പ്രോജക്റ്റ് നം - 138/24 (SO)

വകയിരുത്തിയ തുക - 419491/-

ചെലവഴിച്ച തുക - 378172/-

2nd & ഫൈനൽ ബിൽ നം - 23160663009700571076 Dtd 20-09-2023

ബിൽ തുക – 378172/-

ആകെ ചെലവഴിച്ച തുക - 458681/-

താലൂക്ക് ആശുപത്രി, പേരാമ്പ്രയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പിയിലും റിസപ്ഷനിലും അലൂമിനിയം വർക്കും സ്റ്റോർ റാക്ക് സ്ഥാപിക്കുന്നതിനുമായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 2022-23 ൽ 500,000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 80,509/- രൂപ പാർട്ട് ബിൽ നൽകുകയും ചെയ്തു. 2023-24 ൽ 4,19,491/- രൂപ വകയിരുത്തി സ്പിൽ ഓവർ പ്രോജക്റ്റ് ആയി പദ്ധതി കൊണ്ടുവരികയയും ബാക്കി പൂർത്തീകരിച്ച പ്രവൃത്തികൾക്കായി 3,78,172/- രൂപ ഉൾപ്പെടെ ആകെ 4,58,681/-ചെലവഴിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ചില ഇനങ്ങൾ കൂടുതൽ അളവിൽ നിർവ്വഹിക്കേണ്ടതിനാൽ എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ പുതുക്കുന്നതിനുള്ള അനുമതി (തീരുമാനം.നം.105(5)/2022-23 Dtd 21-03-2023) ഭരണസമിതി നൽകുകയുണ്ടായി. പ്രൈസ് സോഫ്റ്റ്വെയറിലിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഒരു എക്സ്ട്രാ ഐറ്റം ഉൾപ്പെടുത്തണം എന്ന് പറയുന്നുണ്ടെങ്കിലും ഏത് ഇനമാണ് ഉൾപ്പെടുത്തേണ്ടത് എന്ന് പരാമർശിച്ചിട്ടില്ല. എസ്റ്റിമേറ്റ് നിരക്കിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അനുമതിയാണ് ഭരണസമിതി

നൽകിയത് എങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഐറ്റമായ "PVC Board" എന്ന എക്സ്ട്രാ ഐറ്റം ഒബ്സർവ്ഡ് ഡാറ്റയായി (OD 157044/2023-24) ഉൾപ്പെടുത്തുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതിന് അംഗീകാരം നൽകുകയും ചെയ്തു. അതായത് ബ്ലോക്ക് പഞ്ചായത്ത് അനുമതിയില്ലാതെയാണ് ഈ എക്സ്ട്രാ ഐറ്റം റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. DSR ലെ 21.2.1 എന്ന ഇനം ഭേദഗതി വരുത്തിയാണ് എക്സ്ട്രാ ഐറ്റമായി ഈ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നത്. ഒറിജിനൽ എസ്റ്റിമേറ്റിൽ ഈ ഐറ്റത്തിന് ചതുരശ്ര മീറ്ററിന് 1181.78/- രൂപയാണ് നിരക്ക് വരുന്നത്. പ്രസ്തുത ഇനത്തിലെ മെറ്റീരിയൽ മാത്രം മാറ്റം വരുത്തിയാണ് OD തയ്യാറാക്കിയിട്ടുള്ളത്. അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റയ്ക്ക് 7ചതുരശ്ര മീറ്ററിന് 9938.67/-രൂപയാണ് നിരക്ക്. അതായത് ചതുരശ്ര മീറ്ററിന് 1419.81/- (9938.67 / 7) രൂപ. ഇത് പ്രകാരം DSR ലെ 21.2.1 നെ അപേക്ഷിച്ച് ചതുരശ്ര മീറ്ററിന് 238.03/- രൂപ അധികമാണ് ഒബ്സർവ്ഡ് ഡാറ്റയ്ക്ക്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ ഒരു ചതുരശ്ര മീറ്റർ യൂണിറ്റ് അടിസ്ഥാനമാക്കി നിരക്ക് കണക്കാക്കേണ്ടതിന് പകരം ഒരു ചതുരശ്ര മീറ്റർ യൂണിറ്റിന് 7 ചതുരശ്ര മീറ്റർ യൂണിറ്റിന്റെ നിരക്ക് പ്രകാരമാണ് OD തയ്യാറാക്കിയത്. ഇക്കാരണത്താൽ യഥാർത്ഥ നിരക്കിനേക്കാൾ 6 മടങ്ങ് അധികമായാണ് നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

ബിൽ തയ്യാറാക്കാനായി എടുത്ത ഒബ്സർവ്ഡ് ഡാറ്റ (ഒരു സ്ക്വയർ മീറ്ററിന്)	റേറ്റ്	യഥാർത്ഥത്തിൽ എടുക്കേണ്ട ഒബ്സർവ്ഡ് ഡാറ്റ (ഏഴ് സ്ക്വയർ മീറ്ററിന്)	റേറ്റ്
P V C Sheet	6989.85 (Market Rate)	P V C Sheet	6989.85 (Market Rate)
Carriage	27.30	Carriage	27.30
Carpender 2nd Class	611.10	Carpender 2nd Class	611.10
Beldar	558	Beldar	558
Sundries	54.60	Sundries	54.60
Total	8240.85	Total	8240.85
Total Rate For 1 Sq.Mtr	8240.85	Total Rate For 7 Sq.Mtr (8240.85/7)	1177.26
Water Charge @ 1%	82.41	Water Charge @ 1%	11.77

Total	8323.26	Total	1189.03
CP&OH@15% Of 8323.26	1248.49	CP&OH@15% Of 1189.03	178.35
Total	9571.75	Total	1367.38
Cost Index@ 36.44% (മാർക്കറ്റ് നിരക്ക് ഒഴിവാക്കിയുള്ള തുകയായ 1453.03/- രൂപയുടെ)	529.49	Cost Index@ 36.44% (മാർക്കറ്റ് നിരക്ക് ഒഴിവാക്കിയുള്ള തുകയായ 207.56/- രൂപയുടെ)	75.63
Total	10101.24	Total	1443.01
Tender Variation Of 1982.53 (1453.03+529.49) (-8.20%)	-162.57	Tender Variation Of 1982.53 (207.56+75.63) (-8.20%)	-23.22
Total	**9938.67**	Total	1419.79

പ്രവൃത്തി ചെയ്തതിന്റെ എം ബുക്ക് പരിശോധിച്ചതിൽ നിന്നും ഈ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 4.141 M2 വിസ്തീർണ്ണത്തിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ഈ ഡാറ്റയ്ക്ക് ചതുരശ്ര മീറ്റിന് 1419.79/- രൂപ നിരക്കിൽ തുക നൽകുന്നതിന് പകരം 9938.67/-രൂപ ഒരു ചതുരശ്ര മീറ്ററിന് എന്ന നിരക്കിലാണ് തെറ്റായി നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക		യഥാർത്ഥത്തിൽ കരാറു കാരന് നൽകേണ്ട തുക		കരാറുകാരന് അധികം നൽകിയ തുക	
ഒരു ച.മീറ്ററിന് 9938.67/- രൂപ പ്രകാരം 4.141M2 ന് നൽകിയ തുക	41156.03/-	ഒരു ച.മീറ്ററിന് 1419.79/- രൂപ പ്രകാരം 4.141M2 ന് നൽകിയ തുക	5879.35/-	ഒരു ച.മീറ്ററിന് 1419.79/-രൂപ പ്രകാരം 4.141M2 ന് കരാറുകാരന് അധികം നൽകിയ തുക	35276.68/-
ജി.എസ്.ടി 18%	7408.08/-	ജി.എസ്.ടി 18%	1058.28/-	ജി.എസ്.ടി 18%	6349.80/-
ആകെ	48564.11/-	ആകെ	6937.63/-	ആകെ	**41626.48/-**

ചതുരശ്ര മീറ്ററിന് 1419.79/- രൂപ പ്രകാരം 4.141 M2 പ്രവൃത്തിക്ക് ആകെ 5879.35/- രൂപയാണ് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയ്ക്ക് ബിൽ കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ 9938.67/-രൂപ നിരക്കിൽ 41156.03/-രൂപയാണ് ജി.എസ്.ടി ഒഴികെ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയത്. തെറ്റായ നിരക്ക് നൽകി ബിൽ തയ്യാറാക്കി നൽകിയതുമൂലം 18% ജി.എസ്.ടി (41156.03X18%= 7408.08/-) ഉൾപ്പടെ 48564.11/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ജി.എസ്.ടി (5879.35X18%=1058.28/-) ഉൾപ്പെടെ 6937.63/-രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. എന്നാൽ 6349.80/-

രൂപ ജി.എസ്.ടി ഉൾപ്പെടെ **41626.48/-** രൂപ കരാറുകാരന് അധികം നൽകി. ബിൽ തയ്യാറാക്കിയപ്പോഴോ തുക കൈമാറിയപ്പോഴോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഇത് പരിശോധിക്കാതിരുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് കാണുന്നു. അധിക നിരക്ക് ഉൾപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിനാൽ അനർഹമായി വലിയ തുക കരാറുകാരന് നൽകാനിടയായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (01/24തീ.22-08-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന് അധികം നൽകിയ തുക അടിയന്തിരമായി ഈടാക്കി സർക്കാരിലേക്ക് തിരിച്ച് അടച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതാണ്. അനർഹമായി നൽകിയ ചെലവ് തുക **41626/-** രൂപ നിരാകരിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	21.08.24	ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2023-24	636000	പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം - ജനറൽ	636000	0
ജില്ലാ പഞ്ചായത്ത്	2023-24	1320000	പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി	1320000	0

ജില്ലാ പഞ്ചായത്ത്	2023-24	203000	പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗം	203000	0
ഗ്രാമ പഞ്ചായത്ത്	2023-24	770000	പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി	770000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഐ.എ.വൈ ഭവന നിർമ്മാണം അധിക വിഹിതം നൽകൽ	സ.ഉ.എം.എസ് നം. – 90/13 തി. 14.03.2013 സർക്കുലർ നം. – 17774/ DD/2013 തി.20.03.2013	-	5751555	-		6085326

2022-23 വാർഷിക കണക്ക് പ്രകാരം തിരിച്ചടക്കാനുണ്ടായിരുന്ന വായ്പതുക 57,51,555/- രൂപയാണ്. മേൽ തുകയിൽ പലിശ ഉൾപ്പെടെ നിലവിൽ അടവാക്കാനുള്ള തുക 60,85,326/- രൂപയാണ്. തൻവർഷം ലോൺ തിരിച്ചടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	3-3,3-5,3-6	2016-17	4.8.1	ചുമതലാ ലംഘനം	പരാമർശം നില നിൽക്കുന്നു.
2013-14, 2014-15	3-3	2016-17	7(ബി)	സമഗ്ര കോളനി വികസനത്തിനുള്ള ഫണ്ട് വക മാറ്റി	പരാമർശം നില നിൽക്കുന്നു.
2016-17	3-12	2017-18	1.11.4	സർക്കാർ അനുമതി യില്ലാതെ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തു	പരാമർശം നില നിൽക്കുന്നു.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖ. നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്	സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാ	കോടതി വ്യവഹാരങ്ങളിൽ	ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്ക്സ്

				നമ്പരും തീയതിയും	തുക		ക്കിയ തുക (തീയതി)	ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	2000-01	27, 29	ശ്രീ. കെ. പി പര്യായിക്കുട്ടി	LF.9969 /Spl. Cellsc 5/03 Dt. 12.04.04	2,851	11421 തീ- 12.06.18						

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം)	6,29,60,035
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം)	6,17,11,748
വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	41,626
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	42,52,041

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	41,626	ശ്രീ.അനിൽ കുമാർ, (അസിസ്റ്റന്റ് എഞ്ചിനീയർ)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	21,000	ശ്രീമതി. ബിന്ദു.ആർ , കൃഷി അസിസ്റ്റന്റ് ഡയറക്ടർ
1-15	23,70,091	ഡോ.ഗോപാല കൃഷ്ണൻ

		മെഡിക്കൽ ഓഫീസർ.
1-16	18,60,950/-	ഡോ.ഗോപാല കൃഷ്ണൻ മെഡിക്കൽ ഓഫീസർ.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.ഗോപാല കൃഷ്ണൻ മെഡിക്കൽ ഓഫീസർ.	മെഡിക്കൽ ഓഫീസർ. താലൂക്ക് ആശുപത്രി, പേരാമ്പ്ര	കൊളോറത്ത് വീട്, മേപ്പയ്യൂർ.പി.ഒ. പേരാമ്പ്ര -673524
ശ്രീമതി. ബിന്ദു.ആർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്.	സുരഭി ഹൗസ്. വട്ടോളി ബസാർ (പി.ഒ), അറപ്പീടിക, ബാലുശ്ശേരി
ശ്രീ.അനിൽ കുമാർ. അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്	കാർത്തികേയം പള്ളിച്ചാൽ പോസ്റ്റ് തിരുവനന്തപുരം-695020

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1999-00	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/ 2022 തീ.20.07.2022	2	34,36

2000-01	കെ.എസ്.എ. കെ.കെ.ഡി.പി8/ 1294/2021 തീ.08.02.2022	6	25, 33, 34, 38(B), 39, 40
2002-03	കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017	4	8, 9, 13, 16
2005-06	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(2)തീ.20.07.2022	10	3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14
2006-07	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(3)തീ.20.07.2022	6	3-4,3-7, 3-8, 3-11, 3-12, 3-13
2007-08	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(4)തീ.04.08.2022	11	3-3, 3-6, 3-7(2), 3-8(3), 3-10, 3-12, 3-13, 3-14,3-16, 3-17, 3-18
2008-09	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(5)തീ.04.08.2022	3	2-2, 3-1, 3-3
2009-10, 2010-11	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(6)തീ.04.08.2022	2	3-4, 3-13
2011-12, 2012-13	കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 തീ.04.08.2022	5	2-1, 3-3(1), 3-5, 3-7,3-9
2013-14, 2014-15	കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 (1)തീ.04.08.2022	8	2-1, 2-2, 3-1, 3-2, 3-3, 3-8, 3-9, 3-10
2015-16	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(7) തീ.05.08.2022	8	3-1, 3-2, 3-3, 3-5, 3-6, 3-12, 3-13, 3-15
2016-17	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(8) തീ.05.08.2022	6	3-2, 3-3,3-8, 3-10, 3-12, 3-13
2017-18	കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(9) തീ.06.08.2022	5	1-10, 3-2, 3-4, 3-9, 3-13(3)
2018-19	കെ.എസ്.എ. കെ.കെ.ഡി.പി8/ 1296/2021/തി.05.02.2022	5	1-15, 1-21, 1-23, 1-26, 1-27

2019-20	കെ.എസ്.എ. കെ.കെ.ഡി./പി 8/ 205/2023തി.12.04.2023	3	1-8,1-10,1-12
2020-21	കെ.എസ്.എ. കെ.കെ.ഡി./പി 8/ 2050/2022 തി.14.12.2022	8	1-2(1,11,12), 1-4, 1-8, 1-10, 1-11, 1-12, 1-13, 1-16
2021-22	കെ.എസ്.എ. കെ.കെ.ഡി./പി 8/1939/2022 തി.25.11.2022 (ഓഡിറ്റ് റിപ്പോർട്ട്)	12	1-1, 1-2-1, 1-4, 1-6, 1-7(A,B), 1-8, 1-10, 1-12, 1-13, 1-14, 1-16, 1-19
2022-23	കെ.എസ്.എ. കെ.കെ.ഡി./ പി8/ 1081/2023 തി.06/10/2023	14	1-1,1-1-1 മുതൽ 1-1-5 വരെ ,1-1-7, 1-1-8,1-6,1-9,1-12,1-13,1-17,4-11

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 07/24-25 dated 07/24-25 dated 15-05-2024 and submitted on 21-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Perambra Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Perambra Block Panchayat as on 31-03-2024

Date: 23/10/2024 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Perambra Block Panchayat for the Year 2023-2024.

1.Major Observations

1. Non-Disclosure of assets.
2. Non-disclosure of liability.

2.Other Observations

1. Schedules of the following financial statements are not submitted, Notes on account, Ratios, and Comparison with Previous Year figures.
2. Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Ledger account balance not reconciled with register

4. The secured loan amount in the balance sheet does not tally with the actual liability.
5 Deposit register and advance are not prepared in the prescribed manner.
6 While having the balance kept in the register, the stock balance was declared as 0 in the balance sheet.
7 The details of liability funds shown in the balance sheet were not produced before the audit.
8 No Supporting documents are kept for Journal Vouchers.
9 Obsolete deposits were not forfeited to own fund accounts.
10 Depreciation provided for an asset which is not existing.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്